# പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1838      25.03.2013 ന് മറുപടിയ്ക്ക്.

## പരപ്പ-മയ്യള ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിലുള്ള പരപ്പ-മയ്യള ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് വനംവകുപ്പ് എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിനു കീഴിലുള്ള പരപ്പ-മയ്യള ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യ-മാക്കുന്നതിന് വനംവകുപ്പ് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ചെർക്കള-ജാൽസൂർ സ്റ്റേറ്റ് ഹൈവേയിൽ പരപ്പയിൽനിന്ന് ആരംഭിച്ച് ദേലമ്പാടി വില്ലേജിലെ പ്രധാന ജനവാസകേന്ദ്രത്തിൽ എത്തിച്ചേരുന്ന പ്രസ്തുത റോഡിൽ വനംവകുപ്പിന്റെ അധികാരപരിധി-യിലല്ലാത്ത ഭാഗം പി.ഡബ്ള്യൂ.ഡി. നല്ല നിലവാരത്തിലുള്ള റോഡാക്കിമാറ്റിയ വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി)എങ്കിൽ പി.ഡബ്ള്യൂ.ഡി. റോഡിന് കണക്ഷൻകിട്ടുന്ന തരത്തിൽ വാഹനഗതാഗതമുള്ള റോഡാക്കി-മാറ്റുന്നതിലേയ്ക്ക് അധികമായി പണം അനുവദിക്കണമെന്ന സ്ഥലം എം.എൽ.എ.യുടെ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) പ്രസ്തുത റോഡിന്റെ നവീകരണത്തിന് അധികമായി ആവശ്യപ്പെട്ടിട്ടുള്ള തുക ഈ സാമ്പത്തിക വർഷത്തിലെ ഫണ്ടിന്റെ അപര്യാപ്തത കാരണം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ.